(സി) 9 ഗവൺമെന്റ് കോളേജുകളും 106 സ്വകാര്യ കോളേജുകളും ഉൾപ്പെടെ 115 കോളേജുകൾക്ക് നാക്ക് അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 3 കോളേജുകൾക്ക് റീ-അക്രെഡിറ്റേഷനും ലഭിച്ചിട്ടുണ്ട്.

(ഡി) നാക്ക് അക്രെഡിറ്റേഷൻ കിട്ടുന്ന കോളേജുകൾക്ക് യു. ജി. സി. വിവിധ സ്കീമുകളിലായി ധനസഹായം നൽകുന്നു. നാക്ക് അക്രെഡിറ്റേഷൻ ലഭിച്ച കോളേജുകളുടെ വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ മുൻഗണന നൽകുന്നുണ്ട്.

ചേർപ്പ് നിയോജകമണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ കോളേജ്

89 [3072] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സർക്കാർ ഉടമസ്ഥതയിൽ ഡിഗ്രി കോളേജുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഐ. എച്ച്. ആർ. ഡി.യുടെ കീഴിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എത്ര കോളേജുകൾ ആരംഭിച്ചിട്ടുണ്ട്;

(സി) കോളേജുകൾ ഒന്നും ഇല്ലാത്ത ചേർപ്പ് നിയോജകമണ്ഡലത്തിൽ ഐ. എച്ച്. ആർ. ഡി.യുടെ കീഴിൽ ഒരു കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളും നാല് അപ്ലൈഡ് സയൻസ് കോളേജുകളും ആരംഭിച്ചിട്ടുണ്ട്.

(സി) ആവശ്യമായ സ്ഥലവും രണ്ടു വർഷത്തേക്ക് കെട്ടിടസൗകര്യവും സൗജന്യമായി ഐ. എച്ച്. ആർ. ഡി.ക്ക് ലഭ്യമാക്കുകയാണെങ്കിൽ ചേർപ്പ് നിയോജകമണ്ഡലത്തിൽ ഒരു അപ്ലൈഡ് സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നിലവിൽ ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ

90 [3073] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 1998, 1999, 2000 വർഷങ്ങളിൽ എയ്ഡഡ് കോളേജുകളിൽ അനുവദിച്ച എയ്ഡഡ് കോഴ്സുകൾക്കുള്ള അദ്ധ്യാപകർ റിട്ടയർ ചെയ്യുകയോ മരിച്ചുപോവുകയോമൂലം ഉണ്ടാകുന്ന ഒഴിവുകൾ നിലവിൽ എത്രയെണ്ണമുണ്ട്; ഇവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ കോഴ്സുകൾ അനുവദിച്ചപ്പോൾ ബഡ്ജറ്റിൽ അനുവദനീയ പരിധി എന്ന് പറഞ്ഞിരുന്നു; ഇത് ഏതൊക്കെ കോളേജുകളിൽ എന്ന് വ്യക്തമാക്കുമോ;

(സി) ഈ കോഴ്സുകളിൽ ഫീസ് എപ്രകാരം ഈടാക്കുന്നു; സർക്കാരിലേക്ക് എന്തെങ്കിലും ഫീസ് അടയ്ക്കുന്നുണ്ടോ;

(ഡി) ഈ കോളേജുകളിൽ അദ്ധ്യാപകരുടെ വേക്കൻസികൾ ഉണ്ടോ; എങ്കിൽ അത് നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇവിടെ ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഇവർക്ക് ശമ്പളം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(എഫ്) ഈ കോളേജുകളിൽ ചില വിഷയങ്ങളിൽ അദ്ധ്യാപകർ അധികവും മറ്റു പല വിഷയങ്ങളിൽ അദ്ധ്യാപകരില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുമോ?

ഉത്തരം

(എ) 1998, 1999, 2000 വർഷങ്ങളിൽ എയ്ഡഡ് കോളേജുകളിൽ അനുവദിച്ച എയ്ഡഡ് കോഴ്സുകൾക്കുള്ള അദ്ധ്യാപകരുടെ ജോലിഭാരം നിർണ്ണയിച്ച് ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനും അവ നികത്തുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. ഇതിനായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) സർക്കാരും യൂണിവേഴ്സിറ്റിയും നിശ്ചയിക്കുന്ന ഫീസാണ് ഈടാക്കുന്നത്. ഈടാക്കുന്ന ഫീസ് സർക്കാരിലേക്ക് അടയ്ക്കണമെന്നാണ് വ്യവസ്ഥ.

(ഡി) ഈ കോളേജുകളിലുള്ള അദ്ധ്യാപകരുടെ ഒഴിവുകൾ തിട്ടപ്പെടുത്തി അവ നികത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) കോളേജുകളിലെ റഗുലർ അദ്ധ്യാപകരുടെ അഭാവത്തിൽ നിയമിച്ചിട്ടുള്ള ഗസ്റ്റ് ലക്ചറർമാർക്ക് ശമ്പളം നൽകുന്നുണ്ട്. എന്നാൽ സർക്കാർ അധിക സാമ്പത്തിക ബാദ്ധ്യത വഹിക്കില്ല. ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ കവിയരുത് എന്ന

LIBRARY ARCHIVES Kerala Legislative Assembly

നിബന്ധനകൾക്കു വിധേയമായി അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ ജോലിഭാരത്തിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചാൽ അവർക്ക് സർക്കാർ ഖജനാവിൽനിന്നും ശമ്പളം നൽകുന്നില്ല.

(എഫ്) ഉണ്ട്. പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എഡ്യൂസാറ്റ് വിദ്യാഭ്യാസ പദ്ധതി

91 [3074] *പ്രി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഡ്യൂസാറ്റ് വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഇതിനായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഐ. എസ്. ആർ. ഒ. എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിലെ സർവകലാശാലകളിലേക്കും എല്ലാ കോളേജുകളിലേക്കും കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) എഡ്യൂസാറ്റ് വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിന്റെ ആദ്യഘട്ടമായി എല്ലാ ജില്ലകളിലും (ഇടുക്കിയിൽ രണ്ടെണ്ണം) 15 സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനലുകൾ ഉപയോഗിക്കുന്ന എഡ്യൂസാറ്റ് ട്രെയിനിംഗ് സെന്ററുകൾ (ETC) സ്ഥാപിച്ചുകഴിഞ്ഞു. 20 സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനലുകൾകൂടി സ്ഥാപിക്കുന്നതാണ്.

(ബി) ഇതിനായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽനിന്നും 90 കോടി രൂപയ്ക്കുള്ള സാമ്പത്തികസഹായത്തിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. സഹായം ലഭിച്ചിട്ടില്ല.

(സി) ഐ. എസ്. ആർ. ഒ. ഏകദേശം 75 ലക്ഷം രൂപ വിലമതിക്കുന്ന ഉപകരണങ്ങൾ സൗജന്യമായി ഇതിനകം നൽകിക്കഴിഞ്ഞു. ഇവ പ്രവർത്തിപ്പിക്കാനും

LIBRARY ARCHIVES Kerala Legislative Assembly